**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2685** **02-08-2021 - ൽ മറുപടിയ്ക്ക്**

**സർവ്വേ വകുപ്പിന്റെ പ്രവർത്തനം നവീകരിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർവ്വേ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലും സാങ്കേതികവിദ്യാധിഷ്ഠിതമായും ക്രമീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സർവ്വെയും ഭൂരേഖയും വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലും സാങ്കേതിക വിദ്യാധിഷ്ഠിതമായും ക്രമീകരി- ക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1966 ൽ ആരംഭിച്ച റീസർവ്വെ ജോലികൾ 55% പൂർത്തിയായിട്ടുണ്ട്. ആധുനിക സർവ്വെ ഉപകരണങ്ങളുടെയും അപര്യാപ്തതയാണ് റീസർവെ മന്ദഗതിയിലാകുന്നതിന് പ്രധാന കാരണം. സർവെ ഉപകരണങ്ങളുടെ അപര്യാപ്തതയ്ക്ക് പരിഹാരമായി നൂതന സർവ്വെ സാങ്കേതിക വിദ്യയായ Continuously Operating Reference Stations (CORS) നെറ്റ് വർക്ക് സ്ഥാപിച്ച് Real Time Kinematic (RTK) ഉപകരണത്തിന്റെ സഹായത്താൽ സർവ്വെ നടപടികൾ കൂടുതൽ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിലെ ജീവനക്കാരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വെയർമാരെ കൂടി റീസർവ്വെ ജോലികൾക്ക് നിയോഗിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. |
| (ബി) | വകുപ്പിന്റ പ്രവർത്തനം സുതാര്യമായും കാര്യക്ഷമമായും നിർവ്വഹിക്കുന്നതിന് മുൻ സർക്കാർ സ്വീകരിച്ച പ്രധാന നടപടികൾ വിശദീകരിക്കുമോ; | (ബി) | 31/10/2012 ലെ സ.ഉ(കൈ)409/12/റവന്യൂ സർക്കാർ ഉത്തരവ് പ്രകാരം, സംസ്ഥാനത്ത് സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിരുന്ന റീസർവ്വെ പ്രവർത്തനങ്ങൾ, 24/01/2017 ലെ സ.ഉ(കൈ) 28/2017/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വ്യക്തമായ ആക്ഷൻപ്ലാനോടെ സമയബന്ധിതമായും കുറ്റമറ്റ രീതിയിലും പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ പുന:സ്ഥാപിച്ച് ഉത്തരവായത് പ്രകാരം ആധുനിക സർവ്വെ ഉപകരണങ്ങളുടെ സഹായത്താൽ |

| | | | |
|---|---|---|---|
| | | | റീസർവ്വെ ജോലികൾ നടത്തി ഡിജിറ്റൽ സർവെ റിക്കാർഡുകൾ തയ്യാറാക്കി വരുന്നു. റീസർവ്വേയുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി എൽ.ആർ.എം അപേക്ഷകളിൽ വിവിധ ഘട്ടങ്ങളും വിവിധ ഉദ്യോഗസ്ഥതല പ്രവർത്തനങ്ങളും ഭേദഗതി ചെയ്ത് നടപടിക്രമങ്ങൾ ഏകീകരിച്ച് 26/08/2017 ലെ സ.ഉ(കൈ)303/2017/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭൂരേഖ പരിപാലനവും സംരക്ഷണവും തഹസീൽദാർ (ഭൂരേഖ) യുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ച് വരുന്നു. കൃത്യവും കാര്യക്ഷമവുമായ സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഭൂരേഖാ പരിപാലനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക, പോക്ക് വരവിന്റെ എല്ലാ നടപടികളും ഓൺലൈൻ സംവിധാനവുമായി സംയോജിപ്പിക്കുക, ഭൂരേഖകളുടെ പരിപാലനത്തിനായി ഇൻഫർമേഷൻ ടെക്നോളജിയിൽ അധിഷ്ഠിതമായ ചട്ടക്കൂടുകൾ അന്തിമമായി നിർണ്ണയിക്കുക, കടാസ്ട്രൽ സർവ്വെ ആധുനീകരിക്കുക, സർവ്വെ ഡിജിറ്റൈസേഷൻ നടപടികൾ ഏകോപിപ്പിക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങൾ മുൻ നിർത്തി, ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടേയും സഹകരണം ഉറപ്പാക്കി പ്രവർത്തിക്കുന്നതിനു വേണ്ടി 25/6/2018 ലെ സ.ഉ(കൈ) 236/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കേരള ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ആധുനിക സാങ്കേതിക വിദ്യാ സൗകര്യങ്ങൾ സർവ്വേ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന കാര്യത്തിൽ ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ; | (സി) | സർവ്വെ പ്രവർത്തനങ്ങൾ വേഗത്തിലും കൂടുതൽ കൃത്യതയിലും നിർവ്വഹിക്കുന്നതിന് നൂതന സർവ്വെ സമ്പ്രദായമായ Continuously Operating Reference Stations (CORS) നെറ്റ് വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | സർവ്വേ വകുപ്പിലെ ജീവനക്കാരുടെ ജോലിഭാരം കണക്കിലെടുത്ത് മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | സ്വീകരിച്ചിട്ടുണ്ട്. സർവ്വേ വകുപ്പിലെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും, മാനവശേഷി ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനും മാറി മാറി വരുന്ന സാങ്കേതിക വിദ്യകളിലും, ആധുനിക സർവ്വെ ഉപകരണങ്ങളിലും ജീവനക്കാർക്ക് മതിയായ പരിശീലനം നൽകുന്നതിനുമായി തിരുവനന്തപുരം ജില്ലയിലും, കണ്ണൂർ ജില്ലയിലും ഒരോ സർവ്വെ ഇൻസ്റ്റിറ്റ്യൂട്ടുകൾ വീതം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ